**അർത്ഥം അഥവാ പകരം പറയാവുന്ന പദം എഴുതുക. 4x1 = 4**

49. ത്രോണോസ്  50. അമ്മാനുവേൽ  51. യൽദോ  52. ശ്ലീഹ

**സുറിയാനി ലിപിയിൽ എഴുതുക. 2x2 = 4**

53. യേശു  54. സമാധാനം

**ആര് ആരോട് പറഞ്ഞു. 3x2=6**

55. "അങ്ങയുടെ ആത്മാവിന്റെ ഇരട്ടി പങ്ക് എന്റെമേൽ വരുമാറാകട്ടെ"
56. "നീ നിന്റെ കുരിശെടുത്ത് എന്റെ പിന്നാലെ വരിക"
57. "എഴുന്നേൽക്കുക ഞാനും ഒരു മനുഷ്യൻ തന്നെ."

**വാക്യം എഴുതുക 2x3=6**

58. വി.യാക്കോബ് 4:8  59. സങ്കീർത്തനം 19:7

**ഖണ്ഡിക എഴുതുക.** ( ഏതെങ്കിലും രണ്ടെണ്ണം ) **2x4=8**

60. ചേലാകർമ്മ പെരുന്നാൾ
61. ബാർ എബ്രായ
62. ഇയ്യോബിന്റെ വിശ്വാസപ്രഖ്യാപനം

**ഗീതം പൂരിപ്പിക്കുക. 6**

63. മാനവർ വാനോർ മുൻ മുൻനിൻ
.......... ക്കുൾശരണമുറപ്പുണ്ടായി

**പ്രാർത്ഥന പൂർത്തിയാക്കുക. 8**

64. ഉറക്കമില്ലാത്ത ഉണർവ്വുള്ളവനായ കർത്താവേ നിന്റെ ഉണർ
...... ഞങ്ങളെ യോഗ്യരാക്കേണമെ

**അല്ലെങ്കിൽ**

ഉറക്കമില്ലാത്ത ഉണർവ്വുള്ളവനായ എന്റെ കർത്താവേ
...... ആമ്മീൻ

**ഉപന്യാസം എഴുതുക** (ഏതെങ്കിലും ഒരെണ്ണം) **1x10 = 10**

65. യേശുവിന്റെ മറുരൂപം

**അല്ലെങ്കിൽ**

അബ്ദുൾ ജലീൽ മോർ ഗ്രീഗോറിയോസ് ബാവ

# M.J.S.S.A. വാർഷിക പരീക്ഷ - 2019

**Class VII** **Marks - 100**
**Time - 2.30 Hrs**

**ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരം എടുത്തെഴുതുക. 10x1=10**

1. ഇസ്രായേലിന്റെ വിമോചകനായി ദൈവം നിയോഗിച്ചതാരെ ?
( അഹറോൻ, മോശ, ഫറവോൻ )
2. യിശ്ശായിയുടെ അപ്പൻ ? ( ദാവീദ്, ഓബേദ്, ബോവാസ് )
3. നവോമിയുടെ ഭർത്താവ് ? ( എലിമേലെക്ക്, മഹ്ളോൻ, കില്ല്യോൻ)
4. 1836 ൽ മാവേലിക്കര പുതിയകാവ് പള്ളിയിൽ ചേർന്ന പള്ളി പ്രതിനിധി യോഗം എടുത്ത തീരുമാനമാണ് ?
( കൊച്ചിൻ അവാർഡ്, മുളന്തുരുത്തി സുന്നഹദോസ്, മാവേലിക്കര പടിയോല)
5. കൂനൻകുരിശ് സത്യം കൊച്ചിയിൽ നടന്ന വർഷം ?
(എഡി 1665, എഡി 1653, എഡി 1685)
6. യേരുശലേം പിടിച്ചടക്കി കൊള്ളയിട്ട് നശിപ്പിച്ച രാജാവ് ?
( നെബുക്കദ്നേസർ, നെഹമ്യാവ്, അഹശ്വേരോശ് )
7. കർത്താവ് തിരഞ്ഞെടുത്ത 12 ശ്ലീഹന്മാരിൽ പ്രഥമസ്ഥാനം ആർക്കായിരുന്നു ?
( വി.പത്രോസ്, വി.യോഹന്നാൻ, വി.യാക്കോബ് )
8. ബാബേൽ പ്രവാസത്തിന് ശേഷം യരുശലേമിലേയ്ക്ക് മടങ്ങിയ ആദ്യസംഘത്തിലെ നേതാവ് ?
( കോരെശ്, സെരുബാബേൽ, എസ്രാ)
9. യെരുശലേം പട്ടണത്തിന്റെ കോട്ടമതിൽ പണിയുവാൻ നേതൃത്വം കൊടുത്തതാര് ? ( ദാര്യാവേശ്, കോരെശ്, നെഹമ്യാവ്)
10. ഏത് പ്രാർത്ഥനയുടെ സമയത്താണ് കൊർന്നല്യോസിന് മാലാഖ പ്രത്യക്ഷപ്പെട്ടത് ?
( പ്രഭാതം, ആറാം മണി, ഒൻപതാം മണി )

**പേരെഴുതുക.** **10x1=10**

11. യേശുവിന്റെ ഉയിർത്തെഴുന്നേൽപ്പിനു ശേഷം മൂന്നാം പ്രാവശ്യം ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെട്ടത് ഏത് കടൽക്കരയിൽ ?
12. വലിയ മോർ ദിവന്നാസിയോസിന്റെ കാലത്ത് മലങ്കര സന്ദർശിച്ച ആംഗ്ലിക്കൻ മിഷനറി ?
13. മലങ്കര സഭ 'നവീകരണ മാർത്തോമാക്കാർ' ആകുന്നതിന് തടയിട്ടത് ആര് ?
14. ബാബേൽ പ്രവാസത്തിൽ നിന്നും യഹൂദർക്ക് സ്വാതന്ത്ര്യം പ്രഖ്യാപിച്ച രാജാവ് ?
15. ജ്ഞാനത്തിന്റെ സമുദ്രം എന്ന അറിയപ്പെടുന്ന ശ്രേഷ്ഠ പിതാവ് ?
16. ഇസ്രായേൽക്കാർ നേരിട്ട ബാധകളെ സംബന്ധിച്ച് വി.ഗ്രന്ഥത്തിൽ ഏതു പുസ്തകത്തിലാണ് വിവരിക്കുന്നത് ?
17. വലിയ മോർ ദിവന്നാസിയോസ് എന്നറിയപ്പെടുന്ന മെത്രാപ്പോലീത്ത?
18. കാണാതെ പോയ നാണയത്തിന്റെ ഉപമയിലെ വെള്ളി നാണയത്തിന്റെ പേര് ?
19. ധനിക യുവാവ് എങ്ങനെയാണ് യേശുവിനെ സംബോധന ചെയ്തത്?
20. മിഷനറിമാരും മലങ്കര സഭയും കൂട്ടായി കൈവശം വച്ചിരുന്ന സ്വത്തുക്കളെ സംബന്ധിച്ച് തീർപ്പ് കല്പിച്ച വിധി ഏത് ?

**ശരിയോ തെറ്റോ എന്ന് എഴുതുക.** **10x1=10**

21. ആദ്യജാതന്മാരുടെ മരണമെന്ന പത്താമത്തെ ബാധയോടെ ഫറവോൻ ഇസ്രായേൽ മക്കളെ വിട്ടയച്ചു.
22. ആഹാബ് രാജാവിന്റെ കാലത്താണ് ഏലിയാ, ഏലീശ പ്രവാചകന്മാർ ജീവിച്ചിരുന്നത്.
23. ദൈവാരാധനയ്ക്കായി ആദ്യമായി ഒരു ദൈവാലയം നിർമ്മിച്ചത് മഹാനായ ദാവീദ് രാജാവാണ്.
24. വിശ്വാസികൾക്ക് ആരാധനയിൽ പങ്കെടുക്കുന്നതിനും, പ്രാർത്ഥിക്കുന്നതിനും ഉള്ള സ്ഥലമാണ് ഹൈക്കല.
25. മുളന്തുരുത്തി സുന്നഹദോസ് വിളിച്ചു ചേർത്തത് പരി. ഇഗ്നാത്തിയോസ് ഏലിയാസ് ദ്വിതീയൻ ബാവായാണ്.
26. സ്നേഹിതൻമാരുടെ ഉപദേശം ഇയ്യോബിന് സ്വീകാര്യമായിരുന്നു.
27. കർത്താവ് തന്റെ സഭയെ പണിതിരിക്കുന്നത് ശെമഓൻ ഏറ്റു പറഞ്ഞ ഉറച്ച വിശ്വാസമാകുന്ന പാറമേൽ ആകുന്നു.
28. ജീവനിലേയ്ക്ക് നയിക്കുന്ന വഴി ഇടുക്കവും സുഗമവും ഉള്ളതായിരിക്കും.
29. 153 വലിയ മത്സ്യങ്ങൾ ലോകത്തിലെ വിവിധ ജാതികളെ സൂചിപ്പിക്കുന്നു.
30. യോപ്പയിൽ തോൽപണിക്കാരനായ കൊർന്നല്യോസിന്റെ ഭവനത്തിലാണ് വി. പത്രോസ് താമസിച്ചിരുന്നത്.



**പുസ്തകത്തിലേത് പോലെ പൂരിപ്പിക്കുക.** **10x1=10**

31. യഹൂദ വംശജയല്ലാത്ത ഒരു മോവാബ്യ സ്ത്രീയാണ് ................
32. ദൈവം വസിക്കുന്ന അഥവാ ദൈവസാന്നിധ്യമുള്ള സ്ഥലത്തെയാണ് .................. എന്ന് വിളിക്കുന്നത്.
33. ഏതാണ്ട് 70 വർഷക്കാലം ........ ജനം ബാബേലിൽ പ്രവാസികളായി കഴിഞ്ഞുകൂടി.
34. പാലസ്തീന്റെ തെക്കുവശത്തുള്ള ................ ദേശക്കാരനായിരുന്നു ഇയ്യോബ്.
35. പരി.പിതാക്കന്മാർ ഈ വേദഭാഗത്തിന്റെ പ്രാധാന്യം മനസ്സിലാക്കിയിട്ടാണ് സഭാ വർഷത്തിന്റെ തുടക്കമായ .......... ഞായറാഴ്ചയുടെ ഏവൻഗേലിയോൻ വായനയ്ക്ക് ഈ ഭാഗം (വി. മർക്കോസ് 8:27-33) ക്രമീകരിച്ചിരിക്കുന്നത്.
36. അനുതപിക്കുന്ന പാപിക്കു വേണ്ടി കാത്തിരിക്കുന്ന.............മാണ് ധൂർത്ത പുത്രന്റെ ഉപമയിലൂടെ യേശു വരച്ചു കാണിക്കുന്നത്.
37. തന്റെ അനേക ശിഷ്യരിൽ നിന്നാണ് യേശു 12 പേരെ ................. രായി തിരഞ്ഞെടുത്തത്.
38. കഠിനഹൃദയരായ യഹൂദന്മാരുടെ ഇടയിലേക്ക് പോകുന്നതിനാൽ ബുദ്ധിയും ..............യും ഉണ്ടായിരിക്കണം.
39. 1685 ലാണ് പരി. ബസ്സേലിയോസ്............. ബാവ മലങ്കരയിൽ വന്നത്.
40. മൂന്ന് പ്രാവശ്യം കർത്താവ് പത്രോസിന്റെ ....... ഉറപ്പായി പ്രഖ്യാപിപ്പിക്കുന്നു.

**ചേരുംപടി ചേർക്കുക.** **8x1= 8**

| | |
|---|---|
| 41. ലോത്ത് | - മോർദേഖായി |
| 42. ദനഹ | - ന്യായപ്രമാണം |
| 43. ശെമവൂൻ ദസ്തൂനൊ | - മോവാബ്യർ |
| 44. ബാർ എബ്രായ | - വട്ടിപ്പണക്കേസ് |
| 45. വലിയ മോർ ദിവന്നാസിയോസ് | - എഡി. 1286 |
| 46. പരി. ഇഗ്നാത്തിയോസ് പത്രോസ് തൃതീയൻ ബാവ | - ജനുവരി 6 |
| 47. എസ്ഥേർ | - മുളന്തുരുത്തി പടിയോല |
| 48. മോശ | - ജൂലൈ 27 |
| | - ജനുവരി 8 |